## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1410 | 12-07-2011-ൽ മറുപടിയ്ക്ക് |
|---|---|

### എക്സൈസ് ഇൻസ്പെക്ടർമാരുടെ പ്രൊമോഷൻ ലിസ്റ്റിലെ അപാകത

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.സി.വിഷ്ണുനാഥ്: | | ശ്രീ.കെ.ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) | എക്സൈസ് ഡിപ്പാർട്ട്മെന്റിൽ നേരിട്ടുള്ള നിയമനം വഴി ഇൻസ്പെക്ടർമാരായി നിയമനം ലഭിച്ചവർക്ക് അർഹതപ്പെട്ട സീനിയോറിറ്റി നൽകുന്നില്ല എന്ന പരാതിയിന്മേൽ അന്വേഷണം നടത്തിയ അവസരങ്ങളിൽ എക്സൈസ് കമ്മീഷണർക്ക് അപാകതകൾ ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അനർഹമായി പ്രൊമോഷൻ ലഭിച്ച എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർക്കെതിരെ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ട് എന്ന് വിശദമാക്കുമോ ; | (എ) | താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും, സീനിയോറിറ്റി സംബന്ധമായ പരാതികൾ പരിശോധിച്ചു വരുകയും ചെയ്തു വരുന്നു. |
| (ബി) | ഇത്തരത്തിൽ പ്രൊമോഷൻ ലഭിച്ചവരെ സംരക്ഷിക്കുന്നു എന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; | (ബി) | ഇല്ല. |

(മറുപുറം)

| | | | |
|---|---|---|---|
| (സി) | നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിലെ ഇത്തരം അപാകതകൾ പരിഹരിക്കുന്നതിന് ഒരു അനോമലി കമ്മിറ്റി ഡിപ്പാർട്ടുമെന്റിലെ വിവിധ വിഭാഗങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി ഉയർന്ന ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പി.ആന്റ്.ആർ.ഡി. വിഭാഗത്തിന്റെ സേവനം ഉപയോഗപ്പെടുത്തി രൂപീകരിക്കുവാൻ നടപടി കൾ സ്വീകരിക്കുമോ ; | (സി) | താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ചുള്ള പരാതികൾ പരിശോധിച്ചതിനു ശേഷമാണ് അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നത്. അനോമലി കമ്മിറ്റിയുടെ കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | നിലവിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് ജോലികൾ ചെയ്യുന്നത് ആരൊക്കെയാണെന്നും ഏതു മാനദണ്ഡത്തിലാണെന്നും വ്യക്തമാക്കുമോ ? | (ഡി) | അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം) മേൽനോട്ടത്തിലാണ് എക്സൈസ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത്. 01-01-2004 മുതൽ 30-06-2006 വരെയുള്ള എക്സൈസ് ഇൻസ്പെക്ടർമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത് 75:25 അനുപാതത്തിലാണ്. 75% പ്രൊമോഷൻ വഴിയും 25% നേരിട്ടുമാണ് നിയമനം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ